# കടുപ്പമേറുന്ന വേനൽക്കാലം

സമതുലിതമായ കാലാവസ്ഥ കൊണ്ടും സമൃദ്ധമായ പച്ചപ്പു കൊണ്ടും അനുഗ്രഹീതമായ നാടായിരുന്നു ഏതാനും വർഷങ്ങൾ മുൻപു വരെ നമ്മുടെ കേരളം. എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ കാലാവസ്ഥയിൽ വലിയ മാറ്റം വന്നിരിക്കുന്നു. സീസൺ മുഴുവൻ തുല്യമായി വിതരണം ചെയ്യപ്പെടേണ്ട കാലവർഷമഴ ഏതാനും ദിവസങ്ങളിൽ കുറഞ്ഞ സമയം കൊണ്ട് കൂടിയ അളവിൽ പെയ്തു മാറുന്നു.. വലിയ ദുരന്തങ്ങൾ സൃഷ്ടിക്കുന്നു... വർധിച്ചു വരുന്ന താപനില കൊണ്ടും താളം തെറ്റിപ്പെയ്യുന്ന വേനൽമഴ കൊണ്ടും ദുസ്സഹമാകുന്നു വേനൽക്കാലം. മഴക്കാലവും വേനൽക്കാലവും കടന്നുകിട്ടാൻ പ്രാർത്ഥിക്കേണ്ടിവരുന്ന അവസ്ഥ!

ഈ വർഷത്തെ വേനൽക്കാലം മുൻപെങ്ങുമില്ലാത്ത വിധത്തിൽ താപനിലയുടെ വർധനവ് കൊണ്ട് അസഹനീയമായ അനുഭവമായി മാറുകയാണ്. ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം എന്നിങ്ങനെ ലോകവ്യാപകമായ കാരണങ്ങൾക്കൊപ്പം പ്രാദേശികഘടകങ്ങളും വേനൽച്ചൂടിന്റെ വർധനവിന് കാരണമാകുന്നു. മാർച്ച് പകുതി മുതൽ ഏപ്രിൽ പകുതി വരെ സൂര്യൻ കേരളത്തിന് നേർമുകളിൽ വരുന്ന സമയമാണ്. കുറഞ്ഞ സമയം കൊണ്ട് സൂര്യരശ്മികൾ ഭൂമിയിൽ പതിക്കുന്നു. അൾട്രാ വയലറ്റ് വികിരണങ്ങളുടെ ആഘാതം കൂടുന്നതിനും ഇത് കാരണമാകുന്നു.

സമുദ്രസാമീപ്യമുള്ളതിനാൽ നമ്മുടെ നാട്ടിൽ ഈർപ്പം കൂടുതലാണ്. തന്മൂലം വിയർപ്പ് ബാഷ്പീകരിക്കുന്നത് തടയപ്പെടുകയും യഥാർത്ഥ താപനിലയെക്കാൾ കൂടുതൽ ചൂട് അനുഭവപ്പെടുകയും ചെയ്യുന്നു.

കേരളം തെക്കറ്റം മുതൽ വടക്കറ്റം വരെ നീണ്ടുകിടക്കുന്ന ഒരു നഗരത്തുടർച്ചയാണ്. വർദ്ധിച്ചു വരുന്ന കോൺക്രീറ്റ് നിർമ്മിതികൾ, റോഡുകൾ, കുറയുന്ന പച്ചപ്പ് എന്നിവ മൂലം അന്തരീക്ഷ താപനില ഉയരുന്നു. രാത്രിയിലും ചൂട് കുറയാതെ നിൽക്കുന്ന അവസ്ഥ സംജാതമാകുന്നു.

വേനൽമഴയുടെ വലിയ തോതിലുള്ള കുറവ് മൂലം താപനില കുറയാതെ നിൽക്കുന്നു.

ഈ വർഷത്തെ വേനൽക്കാലം ഇവ കൊണ്ടെല്ലാം കടുപ്പമേറിയതാകുകയാണ്.

സൂര്യാഘാതം, നിർജലീകരണം, ഉദരരോഗങ്ങൾ, വിവിധ ചർമ്മരോഗങ്ങൾ, ചിക്കൻ പോക്സ്, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചവ്യാധികൾ എന്നിവയെ ഈ സാഹചര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

പകൽ പതിനൊന്നിനും മൂന്നിനും ഇടയിൽ സൂര്യപ്രകാശം നേരിട്ട് കൊള്ളുന്നതൊഴിവാക്കണം. ധാരാളം വെള്ളം കുടിക്കുക. എരിവുള്ളതും വറുത്തതുമായ ഭക്ഷണപദാർത്ഥങ്ങൾ ഒഴിവാക്കുക. പഴങ്ങളും പച്ചക്കറികളും കൂടുതലായി ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തുവാനും ശ്രമിക്കണം.

വേനൽചൂട് കടുക്കുമ്പോൾ കൂമ്പാര മേഘങ്ങൾ ഉണ്ടാകുകയും തന്മൂലം ചെറിയ സമയം കൊണ്ട് വലിയ തോതിൽ മഴ പെയ്യുകയും ചെയ്യാം. അതോടൊപ്പം ഇടിമിന്നലും കാറ്റുമുണ്ടാക്കുന്ന നാശനഷ്ടങ്ങളെയും കരുതണം.

മറ്റൊരു ഭീഷണി പാമ്പുകളുടെ ശല്യമാണ്. തണുപ്പ് തേടിയിറങ്ങുന്ന പാമ്പുകൾ രാപകലെന്നില്ലാതെ ദുരിതങ്ങൾ സൃഷ്ടിക്കുന്ന വാർത്ത നിരവധിയായി വരുന്നു. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുക. ചപ്പു ചവറുകൾ കൂട്ടിയിടാതിരിക്കുക. കാടും പടലും വെട്ടിമാറ്റുക തുടങ്ങിയ കാര്യങ്ങളിലും ജാഗ്രത പാലിക്കണം.

ഈ വേനലിൽ നമ്മുടെ ബുദ്ധിമുട്ടുകൾക്കൊപ്പം ജീവജാലങ്ങൾ നേരിടുന്ന ദുരിതങ്ങൾ കൂടി തിരിച്ചറിയുവാനും അവയ്ക്ക്, ആവുംവിധം താങ്ങാകുവാനും നമുക്ക് കഴിയേണ്ടതുണ്ട്.